# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(5)പ്രകാരം തടസ്സപ്പെടുത്തിയ 59,870/- (അൻപത്തി ഒൻപതിനായിരത്തി എണ്ണൂറ്റി എഴുപത് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം. 146/2018/തസ്വഭവ. തിരുവനന്തപുരം, തീയതി. 17.01.2018

---

പരാമർശം:- 1) എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 29.07.2016 ലെ എ 1/1181/15 നമ്പർ കത്ത്.

2) പഞ്ചായത്ത് ഡയറക്ടറുടെ 01.10.2016 ലെ എം3-29471/2016 നമ്പർ കത്ത്.

3) സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 19.04.2017-ലെ കെ.എസ്.എ.8766/ പി.റ്റി2/2016 നമ്പർ റിപ്പോർട്ട്.

## <u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിലെ 2005-06 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3 (5) പ്രകാരം കേരള വികസന പദ്ധതി മാർഗ്ഗരേഖ ജി.ഒ. (എം.എസ്.) 20/02 തീയതി 06.06.2002 ലെ സബ്സിഡി മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിച്ച് തെങ്ങ് ഒന്നിന് 10 രൂപ നിരക്കിൽ തടമെടുത്തതിന് നൽകിയ 59,870/- രൂപ തടസ്സപ്പെടുത്തിയിരുന്നു. ടി തടസ്സപ്പെടുത്തൽ സാധൂകരിച്ച് നൽകണമെന്നാവശ്യപ്പെട്ട് വടക്കേക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം ഉചിതമാർഗ്ഗേന സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. തുടർന്ന് ആയതിൻമേലുള്ള റിപ്പോർട്ട് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറോട് സർക്കാർ ആവശ്യപ്പെടുകയും പരാമർശം (3) പ്രകാരം ടി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2. സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് അനുസരിച്ച്, ഉയർന്ന ജലനിരപ്പുള്ള വടക്കേക്കര പോലുള്ള പ്രദേശത്തെ ജലസംരക്ഷണത്തിനും വളം നൽകുന്നതിനോടൊപ്പം തെങ്ങിന് തടമെടുക്കുന്ന പ്രവൃത്തികൂടി ആവശ്യമായതിനാലാണ് ഇത്തരം പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകിയതെന്നും മേലിൽ ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ നിർദ്ദേശാനുസരണം മാത്രമേ പദ്ധതികൾ ഏറ്റെടുക്കുകയും ഭരണാനുമതി നൽകുകയും ചെയ്യുകയുള്ളൂവെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ 16.07.2014 ലെ 20(4) നമ്പർ തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 13.01.2015 ലെ യോഗതീരുമാനം എന്നിവ പരിഗണിച്ച് ടി ഖണ്ഡികയ്ക്ക് സാധൂകരണം നൽകുന്നതിന് സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണെന്ന് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വ്യക്തമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ തീരുമാനം എന്നിവ പരിഗണിച്ച് എറണാകുളം ജില്ലയിലെ വടക്കേക്കര

ഗ്രാമപഞ്ചായത്തിലെ 2005-06 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(5) പ്രകാരം തടസ്സപ്പെടുത്തിയ 59,870/- (അൻപത്തി ഒമ്പതിനായിരത്തി എണ്ണൂറ്റി എഴുപത് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
സെക്രട്ടറി, വടക്കേക്കര ഗ്രാമപഞ്ചായത്ത്, എറണാകുളം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**